നം.കെ.എസ്.എ.പി.റ്റി.എ./പി11/761/2017 തീയതി: 07/07/2017

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 22.11.2016മുതൽ 23.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 14എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017മുതൽ 20.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജയന്തികുമാരി | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ | 01-04-2016 മുതൽ 16.08.2016 വരെ |
| | ശ്രീ.ആർ.ജയകുമാർ, ഹെഡ്ക്ലർക്ക് (അധിക ചുമതല) | 17.08.2016 മുതൽ 18.08.2016 വരെ |
| | ശ്രീ.ജേക്കബ് വർഗ്ഗീസ് | 19.08.2016 മുതൽ 14.10.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി.സുമാഭായിയമ്മ | 17.10.2016മുതൽ 02.11.2016 വരെ |
| | ശ്രീ.വിദ്യാധരൻപിള്ള | 03.11.2016മുതൽ 22.12.2016 വരെ |
| | ശ്രീ.എം.എസ്.സുരേഷ്ബാബു | 22.12.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത | 2-1 |
| 12 | ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 2-2 |
| 13 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 2-3 |
| 14 | അർഹത ഉറപ്പാക്കാതെ വിമുക്ത ഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകി | 2-4 |
| 15 | നികുതിയിളവിനുള്ള അർഹത ഉറപ്പാക്കണം | 2-5 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല – ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 2-6 |
| 17 | പെട്രോൾ പമ്പിന്റെ വസ്തു നികുതി നിർണ്ണയത്തിൽ പിഴവ് | 2-7 |
| 18 | വസ്തു നികുതി പിരിവ് 50% മാത്രം | 2-8 |
| 19 | ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ | 2-9 |
| 20 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-10 |
| | ഭാഗം 3 | |
| 21 | കുടിവെള്ളക്കരം യഥാസമയം അടയ്ക്കുന്നില്ല- ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധിക ബാധ്യത | 3-1 |
| 22 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്- നടപടികൾ മാതൃകാപരം | 3-2 |
| 23 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല. | 3-3 |
| 24 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി | 3-4 |
| 25 | വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാനുള്ളത് 61093 രൂപ | 3-5 |
| 26 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ 15000 രൂപ അധികം നൽകി | 3-6 |
| 27 | അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയ 2.6ലക്ഷം രൂപ നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല | 3-7 |
| 28 | തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ, പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ | 3-8 |

| | | |
|---|---|---|
| | ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭിച്ചിട്ടില്ല | |
| 29 | ODF പ്രോഗ്രാം-പ്രത്യേകഘടക പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പകരം സർക്കാരിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് എസ്.സി.പി മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചില്ല | 3-9 |
| 30 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്- 9.57 ലക്ഷം രൂപ | 3-10 |
| 31 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം-മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3-11 |
| 32 | വികസന ഫണ്ട് അഡ്വാൻസായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു | 3-12 |
| 33 | പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം-ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടില്ല. | 3-13 |
| 34 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ ധനസാഹായം ഉറപ്പുവരുത്തുന്നില്ല | 3-14 |
| 35 | വാർഡ്തല ശുചീകരണപ്രവർത്തനം ചെലവുരേഖകൾ ഹാജരാക്കിയില്ല | 3-15 |
| 36 | നിയമാനുസൃതമല്ലാത്ത ബിൽ അംഗീകരിച്ച് തുക നൽകി | 3-16 |
| 37 | ആശ്രയ പദ്ധതി -അവലോകനം | 3-17 |
| 38 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - കരാറുകാരുടെ ഒത്തുകളിമൂലം ടെണ്ടർ സേവിംഗ്സ് നഷ്ടപ്പെട്ടു. | 3-18 |
| 39 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് ഇല്ല | 3-19 |
| 39 | മരാമത്ത് പ്രവൃത്തികളിലെ അപാകത | 3-20 |
| 40 | കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല | 3-21 |
| | ഭാഗം 4 | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 43 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 45 | ഓഡിറ്റ് റിക്കവറി | 4-5 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |

| | | |
|---|---|---|
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നം. | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2016-17 | 04.03.2016(I) | 22.06.2016 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 30521284 | 9476684 | 21044600 | 68 |
| വരവ് | 111596502 | 44357566 | 67238936 | 60 |
| ആകെ | 142117786 | 53834250 | 88283536 | 62 |
| ചെലവ് | 126712000 | 40897614 | 85814386 | 67 |
| നീക്കിയിരിപ്പ് | 15405786 | 12936636 | 2469150 | 16 |

2016-17 വർഷത്തെ ബജറ്റ് 26.02.2016 ലെ ധനകാര്യ കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 04.03.2016 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതി ഡി.പിസി അംഗീകരിച്ച മുറയ്ക്ക് (29.09.2016) ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ആയതിനാൽ തന്നെ പദ്ധതിച്ചെലവുകൾ നിയമാനുസൃതമല്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. യഥാർത്ഥ വരവ് ബജറ്റിലെ പ്രതീക്ഷിത വരവിൽ നിന്നും കുറവാണ്. ബജറ്റ് പ്രതീക്ഷിത ചെലവും യഥാർത്ഥ ചെലവും തമ്മിലും ഈ വ്യത്യാസം പ്രകടമാണ്. പദ്ധതിച്ചെലവുകൾ ബജറ്റിന്റെ ഭാഗമാകാതിരുന്നിട്ടുകൂടി യഥാർത്ഥ ചെലവ് ബജറ്റ് പ്രതീക്ഷിത ചെലവിനേക്കാൾ കുറവായത് പ്രത്യേകം ശ്രദ്ധേയമാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2017 | 02.06.2017 |

## 1-3 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വസ്തുനികുതി ഡേറ്റ എൻട്രി പൂർണ്ണമല്ലാത്തതിനാൽ സാംഖ്യ പ്രകാരമുള്ള ഡിമാന്റ് തുക കൃത്യമല്ല മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിനും വസ്തുനികുതി കുടിശ്ശികയിൽ അധികം കിടക്കുന്ന തുകകൾ ജേർണൽ എൻട്രി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. വസ്തുനികുതിയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കാത്തതിനാൽ ബാലൻഷീറ്റിലെ പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല

2)പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളും ഷെഡ്യൾ ബി-11- ൽ ഉൾപ്പെട്ടിട്ടില്ല. 26.07.2011 ലെ ജി.ഒ.(എം.എസ് )152/11/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. (ഉദാ. പഞ്ചായത്ത് സാംസ്കാരിക നിലയം നിർമ്മാണം 16-17 വർഷം പൂർത്തീകരിച്ചുവെങ്കിലും തൻ വർഷത്തെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.)

3)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി കാണിച്ചിരിക്കുന്നത് 1903944/രൂപയാണ്. ആയത് കൃത്യമല്ല. 1164556/ രൂപയാണ് തൻ വർഷം പാർട്ട് പേയ്മെന്റ് കൊടുത്തിരിക്കുന്നത്.

4)31.3.17ൽ 848169/ രൂപ വെള്ളക്കരക്കുടിശ്ശിക അടയ്ക്കാൻ ബാക്കിയുണ്ടായിരുന്നു. എന്നാൽ ഇത് ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 9476684 |
| വരവ് | 44357566 |
| ആകെ | 53834250 |
| ചെലവ് | 40897614 |
| നീക്കിയിരിപ്പ് | 12936636 |

## 1-5 വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് (%) |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 7887955 | 7887955 | 6248801 | 1639154 | 79.2 |
| വികസനഫണ്ട് എസ്.സി.പി. | 7377489 | 7377489 | 6250887 | 1126602 | 84.73 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4424077 | 4424077 | 2437583 | 1986494 | 55% |
| ലോക ബാങ്ക് സഹായം | 3329271 | 3329271 | 1903944 | 1425327 | 57.2% |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 31010526 | 31010526 | 8980545 | 22029981 | 28.95 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2554755 | 2554755 | 1378653 | 1176102 | 53.96 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (ബഹുവർഷ പ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 162 | 59015230/- | 97 | 23917816 | 53 | 12 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| ഉല്പാദനം | 3154860 | 1863350 |
| സേവനം | 16175622 | 12083742 |
| പശ്ചാത്തലം | 39684748 | 9970724 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 5 | 2387000 | 1794500 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ | 5 | 1146583 | 571928 |
| പാലിയേറ്റിവ് കെയർ | 1 | 489108 | 489108 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 2 | 2972600 | 2972600 |
| യുവജന വികസന പദ്ധതി | 3 | 112500 | 432960 |

പദ്ധതി ആസൂത്രണത്തിലുണ്ടായ കാലതാമസം മൂലം നിർവ്വഹണത്തിന് സമയം കുറച്ച മാത്രമാണ് ലഭിച്ചത് എന്നത് പ്രോജക്ട് നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ട്. 80% ചെലവും മാർച്ച് മാസത്തിലാണ് നടന്നിട്ടുള്ളത്. കാർഷിക, മൃഗ സംരക്ഷണ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. മരാമത്ത് പ്രവൃത്തികൾ ടെണ്ടർ നടപടികളിലൂടെ സുതാര്യമായി നടപ്പിലാക്കാൻ ഭരണ സമിതി എടുത്ത തീരുമാനം സ്വാഗതാർഹമാണ്. പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളുടെ 80 ശതമാനവും 2017-18 വർഷം പൂർത്തിയായിട്ടുണ്ട്.

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 818034 | 796515 | 21519 |
| നികുതിയേതര വരവുകൾ | 269392 | 578933 | 309541 |

| | | | |
|---|---|---|---|
| മറ്റ് വരവുകൾ | 90961 | 114052 | 23091 |
| ആകെ | 1178387 | 1489500 | 311113 |

വസ്തു നികുതിയിനത്തിൽ ഡിമാന്റ് തുകയുടെ 50% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. പുതുക്കിയ വസ്തു നികുതി ചട്ട പ്രകാരം പുനർനിർണ്ണയിച്ച വസ്തു നികുതിയിൽ സർക്കാർ ഇളവ് അനുവദിച്ചത് (660 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽനിന്നും ഒഴിവാക്കുകയും, 2000 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് ബാധകമാക്കാതിരിക്കുകയും ചെയ്തത്) പഞ്ചായത്തിന്റെ നികുതി വരവ് കുറയുന്നതിന് കാരണമായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4599600 |
| വിധവാ പെൻഷൻ | 8064830 |
| വാർദ്ധക്യകാല പെൻഷൻ | 17527145 |
| വികലാംഗ പെൻഷൻ | 2098880 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 438130 |
| തൊഴിൽ രഹിത വേതനം | 155040 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.2017 03.30 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 3123/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.02.2016 | 01.12.2016-31.01.2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ | 22.04.2002 | 1997-1998മുതൽ 1999-2000 വരെ | 20/7/2002 |

| ഓഡിറ്റ് | | | |
|---|---|---|---|

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത

2016-17 സാമ്പത്തിക വർഷം കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി 07 മാന്വൽ രസീത് ബുക്കുകൾ (നം.61968-61972, 61984, 61986) നൽകിയിട്ടുണ്ട്. രസീത് ബുക്കുകളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതെയാണ് രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. ഭൂരിഭാഗം രസീത് ബുക്കുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ, സെക്ഷൻ ക്ലാർക്കോ കൈയൊപ്പ് രേഖപ്പെടുത്തിയിട്ടില്ല. ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന മാന്വൽ രസീതുകൾ സെക്രട്ടറി/നിർവഹണ ഉദ്യോഗസ്ഥൻ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതുകൾ സാമ്പത്തിക വർഷാവസാനം അവരിൽനിന്ന് തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും, രസീത് ബുക്കുകളുടെ ഉപയോഗം ചട്ടപ്രകാരമാണെന്നും അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഇ-ടെണ്ടർ മുഖേന ഒരു പ്രവൃത്തിയും 2016-17 വർഷം 56 പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിക്കുകയും 4പ്രവൃത്തികൾക്ക് റീടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ടെണ്ടറിൽ ഒരു പ്രവൃത്തിക്ക് ആരും തന്നെ ടെണ്ടർ സമർപ്പിച്ചിരുന്നില്ല. വിവിധ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1. | കുളവള്ളി ദേവരുക്ഷേത്രം റോഡ് റീടാറിംഗ് (47/17) | 800000 | 2 | 2x1600= 3200 | 160 | 3360 |
| 2. | പനവേലിപ്പടി കല്ലുഴത്തിൽ പടി റോഡ് റീടാറിംഗ് (55/17). | 925000 | 4 | 4x1850=7400 | 400 | 7800 |

| | | | | | | |
|---|---|---|---|---|---|---|
| 3. | ചെറുതലമുറ്റം ഉദയന്നൂരുപ്പ് റോഡ് റീടാറിംഗ് (48/17). | 1500000 | 4 | 4x2500= 10000 | 520 | 10520 |
| 4. | പട്ടപറമ്പിൽ പടി പന്നിക്കുഴിവിളപ്പടി റോഡ് റീടാറിംഗ്(61/17) | 1100000 | 3 | 3x2500=7500 | 390 | 7890 |
| 5. | ആര്യാട്ടുപടി താമരവേലിൽ പ്പടി റോഡ് റീടോറിംഗ്(62/17) | 800000 | 3 | 3x1600=4800 | 240 | 5040 |
| 6. | പ്ലാവിളപ്പടി കാഞ്ഞിക്കൽ പടി റോഡ് റീടാറിംഗ്(64/17) | 800000 | 5 | 5x1600=8000 | 400 | 8400 |
| 7. | മാമ്മൂട് പോത്രാട് റോഡ് റീടാറിംഗ്(65/17) | 725000 | 3 | 3x1500=4500 | 240 | 4740 |
| 8. | ആനന്ദപ്പള്ളി ചെന്നായിക്കുന്ന് പോത്രാട് റോഡ് റീടാറിഗ്(66/17) | 550000 | 5 | 5x1100=5500 | 300 | 5800 |
| 9. | വല്ല്യയ്യത്ത് പടി ഹോളിക്രോസ്സ് റോഡ് റീടാറിഗ്(49/17) | 1200000 | 5 | 5x2500=12500 | 650 | 13150 |
| 10. | തെങ്ങുംതോട്ടത്തിൽ പടി നെടുംപുറത്ത് പടി റോഡ് പുനരുദ്ധാരണം (50/17). | 1100000 | 4 | 4x2500=10000 | 520 | 10520 |
| 11. | കുഴിയത്ത്പടി ചൂരയ്ക്കൽ കുളം റോഡ് പുനരുദ്ധാരണം (52/17) | 800000 | 4 | 4x1600=6400 | 320 | 6720 |
| 12. | വള്ളിക്കരോട്ട് പടി വള്ളിവയൽ ഏലാ റോഡ് പുനരുദ്ധാരണം (54/17). | 790000 | 3 | 3x1600=4800 | 240 | 5040 |
| 13. | കരയോഗ മന്ദിരം പടി മുരുപ്പേൽ തെക്കേതിൽ പടി റോഡിൽ ഇന്റർലോക്ക് കട്ട പാകൽ (63/17). | 540000 | 2 | 2x1100=2200 | 120 | 2320 |
| 14. | ചാത്തന്നൂർ പടി കുനാണ്ടി റോഡ് ഇന്റർലോക്ക് കട്ട പാകൽ (84/17). | 1260000 | 8 | 8x2500=20000 | 1040 | 21040 |
| 15. | മേമുറിപ്പടി ചൈതന്യപ്പടി റോഡ് ഇന്റർലോക്ക് കട്ട പാകൽ (85/17). | 525000 | 2 | 2x1100=2200 | 120 | 2320 |

| | | | | | | |
|---|---|---|---|---|---|---|
| 16. | മെറിലാന്റ് മണ്ണൂരേത്ത് ഏലാ റോഡ് ഇന്റർലോക്ക് കട്ട പാകൽ (95/17). | 745000 | 5 | 5x1500=7500 | 400 | 7900 |
| 17. | കളത്തിന്റെ തെക്കേതിൽ പടി പടി മലനട റോഡ് ഇന്റർ ലോക്ക് കട്ട പാകൽ (105/17). | 621000 | 6 | 6x1300=7800 | 420 | 8220 |
| 18. | മാമ്മൂട് ആമ്പിശ്ശേരി റോഡ് പുനരുദ്ധാരണം (100/17). | 667500 | 3 | 3x1400=4200 | 210 | 4410 |
| 19. | എസ്.വി.എച്ച്.എസ്.ഏലാ കിരിശ്ശടി റോഡ് ഇന്റർ ലോക്ക് കട്ട പാകൽ (97/17). | 573000 | 1 | 1x1200=1200 | 60 | 1260 |
| 20. | വള്ളിപ്പറമ്പ് -ഉദയന്റെ തെക്കേതിൽ പടി റോഡ് ഇന്റർ ലോക്ക് കട്ട പാകൽ (108/17). | 775000 | 7 | 7x1600=11200 | 560 | 11760 |
| 21. | കരൂർ പടി തെക്കേടത്ത് പടി റോഡ് ഇന്റർ ലോക്ക് കട്ട പാകൽ (109/17). | 550000 | 5 | 5x1100=5500 | 300 | 5800 |
| 22. | പാം പിൽ റോഡ് ഇന്റർ ലോക്ക് കട്ട പാകൽ (111/17). | 810000 | 3 | 3x1700=5100 | 270 | 5370 |
| 23. | മാമ്മൂട് പെരുമ്പളിക്കൽ റോഡ്-ആര്യപ്പൊയ്ട കനകവിലാസം റോഡ് പുനരുദ്ധാരണം(51/17) | 2950000 | 5 | 5x2500=12500 | 650 | 13150 |
| 24. | മാവിളപ്പടി കനകവിലാസം -പറന്തൽ റോഡ് റീടാറിംഗ്(53/17). | 1855691 | 3 | 3x2500=7500 | 390 | 7890 |
| 25. | പനവിളപ്പടി ഐയ്യാട് റോഡ് റോഡ് റീടാറിംഗ്(56/17). | 1558456 | 5 | 5x2500=12500 | 650 | 13150 |
| 26. | മങ്കുഴി വെയിറ്റിംഗ് ഷെഡ് പുനരുദ്ധാരണം(57/17) | 60000 | 2 | 2x500=1000 | 60 | 1060 |
| 27. | പകൽവീട് പുനരുദ്ധാരണം (114/17). | 300000 | 2 | 2x600=1200 | 60 | 1260 |

| | | | | | | |
|---|---|---|---|---|---|---|
| 28. | അങ്കണവാടികൾക്ക് കിണർ നിർമ്മാണം (116/17). | 200000 | 2 | 2x500=1000 | 60 | 1060 |
| 29. | ബഡ്സ് പുനരധിവാസകേന്ദ്രം മെയിന്റനൻസ് (113/17). | 300000 | 1 | 1x600=600 | 30 | 630 |
| 30. | അങ്കണവാടികളുടെ പുനരുദ്ധാരണം (118/17). | 100000 | 2 | 2x500=1000 | 60 | 1060 |
| 31. | മൃഗാശുപത്രി കെട്ടിടം പുനരുദ്ധാരണം (119/17). | 70000 | 2 | 2x500=1000 | 60 | 1060 |
| 32. | പൊതു കിണർ പുനരുദ്ധാരണം പുനരുദ്ധാരണം (122/17). | 140000 | 2 | 2x500=1000 | 600 | 1060 |
| 33. | എസ്.വി.എച്ച്.എസ്.ഏലാ കിരിശ്ശടി റോഡ് റോഡ് പുനരുദ്ധാരണം(66/16) | 573000 | 2 | 2x2400=4800 | 240 | 5040 |
| 34. | തോലൂഴം പബ്ലിക്ക് മാർക്കറ്റ് കെട്ടിടവും റോഡും പുനരുദ്ധാരണം (151/17).(റീടെണ്ടർ) | 660000 | 2 | 2x1400=2800 | 140 | 2940 |
| 35. | കീരുകുഴി വാട്ടർ ടാങ്ക് റോഡ് പുനരുദ്ധാരണം(157/17) (റീടെണ്ടർ) | 980000 | 3 | 3x2000=6000 | 300 | 6300 |
| 36. | കൊച്ച് കിഴക്കേതിൽ പടി പാണ്ടിയത്ത് പടി റോഡ് പുനരുദ്ധാരണം (162/17). (റീടെണ്ടർ) | 760000 | 3 | 3x1600=4800 | 240 | 5040 |
| 37. | ഒരിപ്പുറം ഗവ.എൽ.പി.എസ്സിന് ക്ലാസ് നിർമ്മാണം (117/17) (റീടെണ്ടർ) | 300000 | 3 | 3x600=1800 | 90 | 1890 |
| 38. | ആനക്കാവിൽ ഏലാ റോഡ് സൈഡ് ഡ്രയിൻ , സ്ലാബ് നിർമ്മാണം(172/16) | 103186 | 2 | 2x500=1000 | 60 | 1060 |
| 39. | തെങ്ങും തോട്ടത്തിൽ പടി റോഡ് ടാറിംഗ് (170/17) | 530000 | 3 | 3x1100=3300 | 180 | 3480 |

| | | | | | | |
|---|---|---|---|---|---|---|
| 40. | പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളായ എ.ഇ ഓഫീസ്, വി.ഇ.ഒ ഓഫീസ് അധിക സൗകര്യം വർദ്ധിപ്പിക്കൽ (67/17). | 3102185 | 7 | 7x2500=17500 | 910 | 18410 |
| 41. | എ.ഇ & വി.ഇ.ഒ ഓഫീസ് കെട്ടിടം അധിക സൗകര്യം ഒരുക്കൽ (169/17) | 471847 | 2 | 2x1000=2000 | 100 | 2100 |
| 42. | വട്ടപ്പറമ്പിൽ പടി പന്നിക്കുഴി വിള പടി റോഡ് റീടാറിംഗ്(61/17). | 1100000 | 2 | 2x2500=5000 | 260 | 5260 |
| 43. | ഒരിപ്പുറം ഗവ.എൽ.പി.എസ്സിന് വാഹന ഷെഡ് നിർമ്മാണം (152/17) | 265610 | 2 | 2x600=1200 | 60 | 1260 |
| 44. | ബഡ്സ് പുനരധിവാസകേന്ദ്രത്തിന് ബസ് ഷെഡ് നിർമ്മാണം (153/17) | 328671 | 2 | 2x700=1400 | 80 | 1480 |
| 45. | കിണറുവിളപ്പടി മാവരപ്പുഞ്ച റോഡ് പുനരുദ്ധാരണം(154/17). | 1090000 | 2 | 2x2500=5000 | 260 | 5260 |
| 46. | ചാമവിള കിഴക്കേതിൽ പടി ചെറുവയൽ പടി റോഡ്പുരുദ്ധാരണം (155/17). | 350000 | 2 | 2x700=1400 | 80 | 1480 |
| 47. | നെല്ലിക്കുന്നിൽ പടി തെക്കേടത്ത പടി റോഡ് പുനരുദ്ധാരണം(156/17). | 250000 | 3 | 3x500=1500 | 90 | 1590 |
| 48. | ശ്രീശൈലം പടി മന്ദിരം പള്ളി റോഡ് പുനരുദ്ധാരണം (158/17) | 310000 | 2 | 2x700=1400 | 80 | 1480 |
| 49. | മോടിയിൽ പടി മുണ്ടയ്ക്കൽ പടി റോഡ് പുനരുദ്ധാരണം (159/17). | 500000 | 3 | 3x1000=3000 | 150 | 3150 |
| 50. | കുമരന്റയ്യത്ത് പടി കളത്തിവിളപ്പടി റോഡ് പുനരുദ്ധാരണം (160/17). | 670000 | 3 | 3x1200=3600 | 180 | 3780 |
| 51. | വേണുഗോപാലക്ഷേത്രം ഹെൽത്ത് സെന്റർറോഡ് തൈത്തോണ്ടലിൽ പടി തെങ്ങുവിളതാഴേതിൽ റോഡ് | 485000 | 2 | 2x1000=2000 | 100 | 2100 |

| | | | | | | |
|---|---|---|---|---|---|---|
| | പുനരുദ്ധാരണം (161/17). | | | | | |
| 52. | എടപ്പുരപ്പടി വാഴമുട്ടം പടി റോഡ് പുനരുദ്ധാരണം (163/17). | 295927 | 2 | 2x600=1200 | 60 | 1260 |
| 53. | ഉദയന്റയ്യത്ത് പുതുമംഗലത്ത് റോഡ് പുനരുദ്ധാരണം (164/17) | 590000 | 2 | 2x1200=2400 | 120 | 2520 |
| 54. | പറന്തൽ പാം ഹിൽ റോഡ് പുനരുദ്ധാരണം (165/17). | 330000 | 3 | 3x700=2100 | 120 | 2220 |
| 55. | ബഡ്സ് പുനരധിവാസ കേന്ദ്രം മെയിന്റനൻസ് (113/17). (റീടെണ്ടർ) | 300000 | 1 | 1x600=600 | 30 | 630 |
| 56. | കൊച്ച് കിഴക്കേതിൽ പടി പാണ്ടിയത്ത് പടി റോഡ് പുനരുദ്ധാരണം (162/17). | 760000 | 1 | 1x1600=1600 | 80 | 1680 |
| 57. | കീരുകുഴി വാട്ടർ ടാങ്ക് റോഡ് പുനരുദ്ധാരണം(157/17) | 980000 | 1 | 1x2000=2000 | 100 | 2100 |
| 58. | തോലുഴം പബ്ലിക്ക് മാർക്കറ്റ് കെട്ടിടവും റോഡും പുനരുദ്ധാരണം (151/17). | 660000 | 1 | 1x1400=1400 | 70 | 1470 |
| 59 | പഞ്ചായത്ത് സാംസ്കാരിക നിലയം നിർമ്മാണം(127/16) | 1980000 | 2 | 2x2000=4000 | 200 | 4200 |
| | ആകെ | | | 275600 | 14880 | 290480 |

ടി വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(04/12-06-17). ടി തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനും വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക ഒടുക്ക് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചു.

## 2-3 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല

14-01-2011 ലെ സ.ഉ.(അ).നം. 20/11/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും, 13-3-2013 ലെ സ.ഉ.(പി). നം.88/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു. ഗ്രാമപ്പഞ്ചായത്തുകളിലെ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് 14.01.2011-ൽ

സ. ഉ(അ).നം.19/11/തസ്വഭവ നമ്പർ ഉത്തരവും 24-2-2015-ൽ സ.ഉ.(അ) നമ്പർ 36/2015/തസ്വഭവ ആയി ഭേദഗതി

ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് വ്യക്തമായി. 2011-12 മുതൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടേയും ഫോറം 6 ചെയ്തുവെന്നത് ഉറപ്പാക്കിയിട്ടില്ല.

1-4-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 16-12-2015 ലെ സ.ഉ.(എം.എസ്)നം. 358/15/തസ്വഭവ നമ്പർ ഉത്തരവായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 'സഞ്ചയ' സോഫ്റ്റ്വെയറിന്റെ ഡാറ്റാബേസിലുള്ള വിവരങ്ങൾക്ക് ആവശ്യമായ മാറ്റം അടിയന്തിരമായി വരുത്തണമെന്നും നികുതി നിർണ്ണയ നടപടികൾ 2015 ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. എല്ലാ കെട്ടിടങ്ങളുടേയും ഡേറ്റാ എൻട്രി പൂർത്തിയായി എന്നത് വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ ഉറപ്പാക്കേണ്ടതും വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികൾക്കായി ഇക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 അർഹത ഉറപ്പാക്കാതെ വിമുക്ത ഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകി

വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഒരു ഭവനത്തിന് വസ്തുനികുതി ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച നിബന്ധനകൾ നിശ്ചയിച്ചുകൊണ്ട് 02/07/2013 -ലെ ജി.ഒ.(എം.എസ്) 242/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ (186$m^2$) കവിയാത്ത ഒരു വീടിന് മാത്രമേ വസ്തു നികുതി ഇളവിന് അർഹതയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 26.05.2017-ലെ സ.ഉ(കൈ)നം.106/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 2000 ച.അടിയിൽ കൂടുതലായി വരുന്ന പക്ഷം കൂടുതലായി വരുന്ന തറവിസ്തീർണ്ണത്തിന്റെ മാത്രം നികുതി ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പൂർണ്ണമായും നികുതി ഇളവ് അനുവദിച്ചു.

| ക്രമ നം. | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) |
|---|---|---|---|
| 1 | II/62 | റ്റി.എൻ ഗോപാലകൃഷ്ണക്കുറുപ്പ് | 258 |
| 2 | VI/401 | രാധാകൃഷ്ണൻ നമ്പ്യാതിരി | 198 |
| 3 | XIII/54 | ശിവദാസൻ.കെ | 207 |
| 4 | XIV/104 | എ.എം ജോസഫ് | 220 |

അർഹതയില്ലാത്തവർക്ക് ഇളവ് അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ചവരിൽ നിന്നും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 നികുതിയിളവിനുള്ള അർഹത ഉറപ്പാക്കണം

വിമുക്ത ഭടന്റെ വസതി എന്ന നിലയിൽ വസ്തു നികുതി ഇളവ് നൽകിയ വീടുകളുടെ ഫോറം 6 ലെ വിവരങ്ങൾ പരിശോധിച്ചതിൽ നിരവധി വീടുകളുടെ വിസ്തീർണ്ണം 180-185 എം$^2$ എന്ന പരിധിക്കുള്ളിലാണെന്ന് വ്യക്തമായിട്ടുണ്ട്. 186 ചതുരശ്ര മീറ്ററോ അതിൽ കുറവോ വിസ്തീർണ്ണമുള്ള വീടുകൾക്കാണ് നികുതിയിളവിന് അർഹതയുള്ളത്. മാത്രമല്ല വീടുകളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്ന സമയത്ത് ഇപ്രകാരം തറവിസ്തീർണ്ണത്തിന് പരിധി പരിഗണിക്കാതെ വസ്തു നികുതി ഒഴിവാക്കാമായിരുന്നുവെന്നതിനാൽ കൃത്യമായ തറവിസ്തീർണ്ണം ആണോ രേഖപ്പെടുത്തിയിട്ടുള്ളത് എന്നത് ഉറപ്പാക്കാൻ കഴിയുന്നില്ല. ആയതിനാൽ വിമുക്ത ഭടൻ എന്ന രീതിയിൽ വസ്തു നികുതി ഒഴിവാക്കി നൽകിയ വീടുകളുടെ കൃത്യമായ വിസ്തീർണ്ണം എത്രയാണെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം നികുതിയിളവ് അനുവദിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല – ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

14.01.2011-ലെ ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം 9ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2 മൊബൈൽ ടവറുകളുടെ വസ്തു നികുതി മാത്രമാണ് ചട്ടപ്രകാരം പരിഷ്കരിച്ച് ഈടാക്കിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | ടവറിന്റെ വിവരം | റിമാർക്സ് |
|---|---|---|
| I/405 | ഇൻഡസ് ടവേഴ്സ് | പരിഷ്കരിച്ച വസ്തു നികുതി 15870/ രൂപ 2016-17 സാമ്പത്തിക വർഷം വരെയുള്ളത് അടച്ചിട്ടുണ്ട് |
| VII/345 | - | സുരേഷ് പ്ലാവിളയിൽ എന്ന വ്യക്തിയുടെ സ്ഥലത്താണ് ടവർ സ്ഥാപിച്ചിരിക്കുന്നത്. ഏതു കമ്പനിയുടെ ടവർ ആണന്ന വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. വിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല |
| I/387B | റിലയൻസ് | വിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| | | |
| VIII/583 | ഐ.റ്റി.സി | വിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല |
| IX/290 | - | ഓമനയമ്മ പ്ലാവിളകിഴക്കേതിൽ എന്ന വ്യക്തിയുടെ സ്ഥലത്താണ് ടവർ സ്ഥാപിച്ചിരിക്കുന്നത്. ഏതു കമ്പനിയുടെ ടവർ ആണന്ന വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. വിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല |
| X/22 | - | ഗൗരിക്കുട്ടി, ശശി വിലാസം എന്ന വ്യക്തിയുടെ സ്ഥലത്താണ് ടവർ സ്ഥാപിച്ചിരിക്കുന്നത്. ഏതു കമ്പനിയുടെ ടവർ ആണന്ന വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. വിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല |
| X/404 | ബി.എസ്.എൻ.എൽ | നാളിതുവരെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. |

| | | |
|---|---|---|
| | | |
| XIII/440 | ഭാരതി ഇൻഫ്രാടെൽ | 2016-17 വർഷത്തെ നികുതി 6900/- രൂപ ഒടുക്കിയിട്ടുണ്ട്. |
| XIII/421 | - | സി.പി ജോണി, ചാരുവേലിൽ എന്ന വ്യക്തിയുടെ സ്ഥലത്താണ് ടവർ സ്ഥാപിച്ചിരിക്കുന്നത്. ഏതു കമ്പിനിയുടെ ടവർ ആണന്ന വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. വിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല |

പരിഷ്കരിച്ച വസ്തു നികുതി ചട്ടങ്ങൾ പുറപ്പെടുവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മൊബൈൽ ടവറുകളുടേയും അനുബന്ധകെട്ടിടങ്ങളുടേയും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കി ഈടാക്കാൻ കഴിയാതിരുന്നത് തികഞ്ഞ വീഴ്ചയാണ്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നമ്പർ നൽകിയിട്ടുണ്ടെങ്കിലും ടവർ ഏതി കമ്പനിയുടെ ആണെന്നത് സംബന്ധിച്ച രേഖകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലെന്നത് അധികൃതരുടെ അനാസ്ഥ വ്യക്തമാക്കുന്നു. ആയതിനാൽ മേൽ വിഷയത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 2-7 പെട്രോൾ പമ്പിന്റെ വസ്തു നികുതി നിർണ്ണയത്തിൽ പിഴവ്

പെട്രോൾ പമ്പുകൾക്ക് ഗ്രാമപഞ്ചായത്ത് നിജപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി ചതുരശ്ര മീറ്ററിന് 60 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പിന്റെ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ (ഫോറം 6) ചതുരശ്ര മീറ്ററിന് 40രൂപ ക്രമത്തിലാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | നിജപ്പെടുത്തേണ്ടിയിരുന്ന വസ്തു നികുതി | ഈടാക്കുന്ന നികുതി | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| IX/393 രവി ശങ്കർ കൃഷ്ണ ഫ്യുവൽസ്, തട്ടയിൽ | 20.52 | 1231<br>62<br>123 | 821<br>42<br>83 | 410<br>20<br>40 |
| | | 1416 | 946 | 470 |

2013-14 സാമ്പത്തിക വർഷം മുതലുള്ള നികുതി പുനർ നിർണ്ണയിച്ച് വസ്തു നികുതി നിർണ്ണയത്തിലുണ്ടായ പിഴവ്

പരിഹരിക്കേണ്ടതും വസ്തു നികുതി ഈടാക്കിയതിൽ കുറവു വന്ന തുക അടിയന്തിരമായി പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 2-8 വസ്തു നികുതി പിരിവ് 50% മാത്രം

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ ബാലൻസ് പത്രിക പരിശോധിച്ചതിൽ ഡിമാന്റ് ചെയ്ത വസ്തു നികുതിയുടെ 50% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|
| കുടിശ്ശിക | നടപ്പ് വർഷം | ആകെ | കുടിശ്ശിക | നടപ്പ് വർഷം | ആകെ | കുടിശ്ശിക | നടപ്പ് വർഷം | ആകെ | കുടിശ്ശിക | നടപ്പ് വർഷം | ആകെ |
| 3152694 | 2985197 | 6137890 | 1238304 | 1646485 | 3077313 | 1914390 | 1146188 | 3060578 | 39.3 | 61.6 | 50.1 |

വസ്തു നികുതി പിരിവിലുണ്ടായ കുറവ് തുടർനടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-9 ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*സ്ഥാപനങ്ങൾ യഥാസമയം ലൈസൻസ് പുതുക്കുന്നില്ല*

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 177 വ്യാപാരികളിൽ ആരും തന്നെ ഈ സമയക്രമം പാലിച്ചിട്ടില്ല.ഭൂരിഭാഗം സ്ഥാപനങ്ങളും സാമ്പത്തികവർഷം പകുതിയോടുകൂടി മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ വ്യാപാരികളിൽ നിന്ന് ലൈസൻസിനുള്ള അപേക്ഷ സ്വീകരിച്ച് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

*അപേക്ഷകളിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തുന്നില്ല*

ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമായി ലഭിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും ഇത് സംബന്ധിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഒരു പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.01.2013 ലെ 66562/RC3/2012 -ാം നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡി ആന്റ് ഒ ലൈസൻസിനായി ലഭിച്ച ഏതാനും അപേക്ഷകളിൽ മാത്രമേ ഹെൽത്ത് ഇൻസ്പെക്ടറിൽനിന്ന് അന്വേഷണ റിപ്പോർട്ട് വാങ്ങിയിട്ടുള്ളൂ. പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടുമില്ല.

ലൈസൻസ് എടുത്തിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായതും ലൈസൻസിൽ ഉൾപ്പെടാത്തതുമായ വസ്തുക്കളുടെ വില്പന നിരീക്ഷിക്കുന്നതിനും ഇതുമൂലമുണ്ടാകുന്ന നഷ്ടം കണ്ടെത്തി ഒഴിവാക്കുന്നതിനും പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-10 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204അനുസരിച്ച് 60 ദിവസത്തിൽ കുറയാതെ പഞ്ചായത്തിന്റെ പ്രദേശത്ത് തൊഴിലിലോ /ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു . എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല വ്യാപാരസ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്ന സമയത്ത് അവരിൽ നിന്നും 2 അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി മാത്രമാണ് ഈടാക്കി വരുന്നത് . അപേക്ഷകളിൽ

രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഏതാനും ഉദാഹരണ ങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കൃഷ്ണാ ഫ്യൂവൽസ്,തട്ട | 5 |
| 2 | ദേവീ ഇൻഡസ്ട്രീസ്,പറന്തൽ | 5 |
| 3 | ശങ്കരത്തിൽ ഹാർഡ്‌വെയർ & ഇലക്ട്രിക്കൽസ്, പറന്തൽ | 4 |
| 4 | താമരയ്യത്ത് കോൺക്രീറ്റ് പ്രോഡക്ട്സ്, മന്നം നഗർ.പി.ഒ | 12 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(സി) പ്രകാരം സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ പേര് വിവരം അടങ്ങിയ ലിസ്റ്റ് അവരുടെ ശമ്പളം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ളക്കരം യഥാസമയം അടയ്ക്കുന്നില്ല- ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധിക ബാധ്യത

പഞ്ചായത്തിൽ 166വാട്ടർ ടാപ്പുകൾക്ക് 5250 രൂപ പ്രതിവർഷ നിരക്കിൽ ആകെ 871500/- രൂപ ഒരു വർഷം വെള്ളക്കരം അടയ്ക്കേണ്ടതായുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം ഓരോ മാസവും അടയ്ക്കുന്നില്ല. പകരം കുടിവെള്ളക്കരം അടയ്ക്കുന്നതിന് 2016-17 വർഷം പ്രോജക്ട് പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതത്തിൽ നിന്നും 8ലക്ഷം രൂപയും ഒ.ഡി.എഫ് പ്രോജക്ടിനായി വികസന ഫണ്ട് ചെലവഴിച്ചതിനു പകരം സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്നും 682347/രൂപയും ഉൾപ്പടെ 1482347 രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പ്രതിമാസം തുക അടയ്ക്കാത്തതിനാൽ പലിശയിനത്തിൽ ശരാശരി 30000/രൂപയോളം ഗ്രാമപഞ്ചായത്ത് അധികം അടക്കേണ്ടി വന്നിട്ടുണ്ട്. ഇങ്ങനെ ഓരോ വർഷവും ലക്ഷങ്ങളുടെ അധിക ബാധ്യതയാണ് ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്നത്.ബില്ലുകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ പലിശയിനത്തിലുണ്ടായ ബാധ്യത കൃത്യമായി നിജപ്പെടുത്താനാവുന്നില്ല. വാട്ടർ അതോറിറ്റിയുടെ ജൂൺ 2017ലെ ബിൽ പ്രകാരം 1121058/- ആണ് കുടിശ്ശികയുള്ളത്. ഒരു കോടിയോളം രൂപ തനത് നീക്കിയിരുപ്പുണ്ടായിരിക്കേ യഥാസമയം കുടിവെള്ളക്കരം അടയ്ക്കാത്തത് തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. കുടിവെള്ള ക്ഷാമം രൂക്ഷമായ പഞ്ചായത്തിൽ വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് വാർഡ് മെമ്പർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നിലവിൽ എത്ര വാട്ടർ ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് അറിയുവാൻ പഞ്ചായത്ത് അധികൃതർ കൃത്യമായ ഇടവേളകളിൽ സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾക്ക് കൂടി വെള്ളക്കരം അടയ്ക്കേണ്ടതായി വരുന്നു.

പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതുമാണെന്നും 12ാം പദ്ധതി ആസൂത്രണമാർഗ്ഗരേഖ സ.ഉ.(കൈ) 168/12 തസ്വഭവ തീയതി 15.06.12 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് പ്രാധാന്യം നൽകിയാൽ കുടിവെള്ളക്കരം അടയ്ക്കുന്നത് കുറയ്ക്കുവാൻ സാധിക്കുന്നതും തനത് വരുമാന നഷ്ടം ഒഴിവാക്കാവുന്നതുമാണ്.

## 3-2 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്- നടപടികൾ മാതൃകാപരം

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജിനത്തിൽ 2014-15ൽ 803775 രൂപയും 2015-16ൽ 1021494 രൂപയും ഒടുക്കിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ 2/2016 വരെ പ്രതിമാസം 95831/- രൂപ അടവാക്കിയിരുന്നു. ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കുകയും സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 2/16 മുതൽ 31214/- രൂപയായി വൈദ്യുത ചാർജ്ജ് കുറവ് വരുത്തിയിട്ടുണ്ട്. ഈയിനത്തിൽ പ്രതിവർഷം 7,75404/-രൂപ (64617*12) പഞ്ചായത്തിന് ലാഭിക്കാൻ കഴിഞ്ഞു.സംയുക്ത പരിശോധന നടത്തി വൈദ്യുത ചാർജ്ജിനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത് അഭിനന്ദാർഹമാണ്.

## 3-3 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല.

07.07.2010 ലെ 37242/ഡിഡി3/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് 05/16 ൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ എസ്.ഇ. ബി യിൽ 795000 രൂപ കെട്ടിവച്ചിട്ടുണ്ട്. എന്നാൽ മീറ്റർ സ്ഥാപിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പോലും കെ എസ്.ഇ. ബി ആരംഭിച്ചിട്ടില്ല.ഇത് സംബന്ധിച്ച് പഞ്ചായത്തും, കെ.എസ്.ഇ. ബി യും തമ്മിൽ നിരന്തരം കത്തിടപാടുകൾ നടത്തുന്നുണ്ടെങ്കിലും പദ്ധതി ഇപ്പോഴും പ്രാരംഭ ദശയിൽ തന്നെയാണ്. തെരുവുവിളക്കുകൾക്ക് മീറ്റർ കൂടി സ്ഥാപിച്ച് വൈദ്യുതചാർജ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17വർഷം നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം ടെണ്ടർ കൂടാതെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും സ്കൂൾ കുട്ടികൾക്ക് നൽകുന്നതിനായി മേശ, കസേര എന്നിവയും ഓഫീസ് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

ടെണ്ടർ കൂടാതെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ(KAICO) നിന്നും ടി ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. കൃഷി, മാലിന്യസംസ്കരണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിന് കൃഷി വകുപ്പിന്റെ അനുമതി മാത്രമാണുള്ളത്. കെൽട്രോ, സിഡ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉത്പാദന യൂണിറ്റുകളിൽ നിർമ്മിക്കാത്ത ഉപകരണങ്ങൾ ഒന്നും തന്നെ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങരുതെന്നും വാങ്ങിയാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയാകുമെന്നും 4/9/2002 ലെ 2117/02/SPD സർക്കുലറിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശം | ചെലവഴിച്ച തുക |
|---|---|---|
| സമഗ്ര വിദ്യാഭ്യാസം, 33/17<br>അടങ്കൽ-250000/-<br>ചെലവ്- 228400 | സ്റ്റീൽ അലമാര (ഗ്ലാസ് ഡോർ)<br>3x8900=26700<br>കമ്പ്യൂട്ടർ ടേബിൾ-5x2990=14950 | 41650/-<br>ബിൽ നം/തീയതി-<br>7/17<br>തീ.25/2/17 |
| ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് മേശയും കസേരയും | സ്റ്റീൽ ടേബിൾ-<br>26x2940= 76440<br>പ്ലാസ്റ്റിക് ചെയർ(നീൽ | 89388/<br>ബിൽ നം/തീയതി- |

| | | |
|---|---|---|
| | കമൽ)<br>26x498= 12948/ | 6/17 തീയതി 25/2/17 |
| | ആകെ | 131038 |

ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായിരിക്കണമെന്ന് 2/12/2016ലെ ജി.ഒ(ആർ.ടി)3299/2016/തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങണം. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-5 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാനുള്ളത് 61093 രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 വർഷം കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ച വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചതിൽ 61093/ രൂപ ചെലവഴിക്കാതെ വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഒരിപ്പുറം ആയുർവേദ ആശുപത്രി റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 293742 | 150000 | 117069 | 32931 |
| പോളിടെക്നിക് S N D P റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 293743 | 150000 | 121838 | 28162 |
| | | | ആകെ | 61093 |

വാട്ടർ അതോറിറ്റിയിൽ ചെലവഴിക്കാതെ ശേഷിച്ച 61093 രൂപ (വികസനഫണ്ട്) തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ 15000 രൂപ അധികം നൽകി

2017 ജനവരി 29, ഏപ്രിൽ 2 തീയതികളിൽ നടന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് ഗ്രാമപഞ്ചായത്തുകൾ തനത്ഫണ്ടിൽ നിന്നും 10000/ രൂപ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്ക് നൽകുന്നതിന് 24/01/17-ലെ സ.ഉ(സാധാ)നം203/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ യഥേഷ്ടാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രോഗ്രാമിനായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 25000/രൂപ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|
| 25284/16.02.2017 | 10000 | ആകെ പിൻവലിച്ച തുക- 12921<br>പൾസ് പോളിയോ- 10000 |

| | | |
|---|---|---|
| | | ഇലക്ട്രിസിറ്റി ചാർജ്-2921 |
| 25323/18.03.17 | 15000 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിന്റെ ഭാഗമായി(150/17) തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുക നൽകി. |
| ആകെ | 25000 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/17 തീയതി 15/06/2017) 23 ബൂത്തുകളുടെ ചെലവിനായി തുക അനിവാര്യമായിരുന്നു എന്നാണ് മറുപടി നൽകിയിരിക്കുന്നത്. സർക്കാർ അനുമതിയിൽ നിന്നും വ്യതിചലിച്ച് 15000/- രൂപ അധികം നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൾസ് പോളിയോ പ്രോഗ്രാമിന് ആരോഗ്യ വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാണ് എന്നതിനാൽ തനത് ഫണ്ടിൽ നിന്നംം നൽകിയ തുക അനിവാര്യമായിരുന്നു എന്നത് സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-7 <u>അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയ 2.6ലക്ഷം രൂപ നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല</u>

ആരോഗ്യകേരളം(എൻ.എച്ച്.എം) ഫണ്ട് ഉപയോഗിച്ച് പാറക്കര തോലൂഴം കുടുംബക്ഷേമ കേന്ദ്രത്തിന് കെട്ടിട നിർമ്മിക്കുന്നതിന് 1396355/- രൂപ ചെലവായിട്ടുണ്ട്. ആരോഗ്യകേരളം പ്രോഗ്രാം മാനേജറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെലവായ തുകയുടെ 20% ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകുന്നതിന് 260000/ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു(147/17). ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് അക്കൗണ്ട് ട്രാൻസ്ഫർ വഴി ജില്ലാ ആരോഗ്യകേരളം കുടുംബക്ഷേമ സൊസൈറ്റിക്ക് കൈമാറുന്നതിനായി ട്രഷറിയിൽ നൽകി. തുക 20/2/17-ലെ 15/17 നമ്പർ ബിൽ പ്രകാരം അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടെങ്കിലും സൊസൈറ്റിയുടെ അക്കൗണ്ടിൽ നാളിതുവരെ ലഭിച്ചിട്ടില്ല. തുക പിൻവലിച്ച് 4മാസങ്ങൾ കഴിഞ്ഞിട്ടും സ്ഥാപനത്തിന് തുക ലഭിച്ചിട്ടില്ലെന്നത് ഗൗരവകരമാണ്. ആയതിനാൽ മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുകയുടെ വിനിയോഗം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 <u>തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ, പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭിച്ചിട്ടില്ല</u>

2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ പ്രോജക്ടുകൾ പ്രകാരം അലോപ്പതി, ആയുർവേദ, ഹോമിയോ മരുന്നുകൾ, പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെടുന്ന രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവയ്ക്കായി തുക അഡ്വാൻസായി നൽകിയെങ്കിലും നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | അഡ്വാൻസായി നൽകിയ തുക | നാളിതു വരെ ലഭിച്ചത് | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ പദ്ധതി<br>2/17, അടങ്കൽ-449108/<br>(വികസന ഫണ്ട്)<br>200000/(ജില്ലാ പഞ്ചായത്ത് വിഹിതം) | എം.ഒ,<br>പി.എച്ച്.സി | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 1) മരുന്നുകൾ<br>128700/-<br>ബിൽ നം/തീ.<br>4/17-05.02.17<br>2)ഉപകരണങ്ങൾ(വീൽ ചെയർ, എയർ ബെഡ്ഡ് മുതലായവ) | - | 374619 |

| | | | | | |
|---|---|---|---|---|---|
| | | | 90076/-<br>ബിൽ നം/തീ.<br>6/17-27/2/17<br>3) മരുന്നുകൾ<br>155843/-(തുക കൈപ്പറ്റിയതിന്റെ രേഖകളില്ല)<br>(ഡി.ഡി.നമ്പർ 669190 /31.03.17) | | |
| പി.എച്ച്.സി-യ്ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ, 3/17<br>അടങ്കൽ- 70000/(മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ്) | എം.ഒ, പി.എച്ച്.സി | കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ | 70000/<br>ബിൽ നം.5/17 തീ.7/2/17 | - | 70000 |
| ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ<br>4/17<br>അടങ്കൽ- 300000 | എം.ഒ<br>ആയുർവേദ ഡിസ്പെൻസറി | ഔഷധി,<br>തൃശ്ശൂർ | 300000/<br>1/17 തീ. 20/12/16 | 255620 | 44380 |
| ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ, (എൻ.ആർ.എം)<br>42/17<br>അടങ്കൽ- 50000/ | ഗ്രാമപ്പഞ്ചായത്ത്സെക്രട്ടറി | ഹോംകോ<br>ആലപ്പുഴ | 50000 | - | 50000 |
| | | ആകെ | | | 538999 |

മരുന്നുകളും പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങളും ലഭിക്കാത്തത് ബന്ധപ്പെട്ട സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നു. ആയതിനാൽ ഭരണ സമിതി ഇടപെട്ട് ഇവ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ODF പ്രോഗ്രാം-പ്രത്യേകഘടക പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പകരം സർക്കാരിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് എസ്.സി.പി മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചില്ല

സംസ്ഥാനത്തെ പൂർണ്ണമായും ODF(Open defication free) ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തിഗത ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി തങ്ങളുടെ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 27/08/16-ലെ സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ തുക പിന്നീട് ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകൾക്ക് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകും. ഇതനുസരിച്ച് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടേയും തിരികെ ലഭിച്ച തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വികസന ഫണ്ട് ചെലവ് | തിരികെ ലഭിച്ച തുക | തിരികെ ലഭിച്ച തുകയുടെ നാളിതു വരെയുള്ള ചെലവ് വിവരം |
|---|---|---|---|
| 1 | പൊതു വിഭാഗം- 1632600 | 1947394 | പൊതു വിഭാഗം- 1328252 |
| 2 | പ്രത്യേക ഘടക പദ്ധതി ഫണ്ട്- 1340000 | | എസ്.സി.പി- 415000 |
| ആകെ | 2972600 | | 1743252 |

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയാണ്. തിരികെ ലഭിച്ച 1947394രൂപയിൽ 1328252 രൂപയും ജനറൽ വിഭാഗം പ്രോജക്ടുകൾക്കായി ചെലവഴിച്ചിരിക്കുന്നു. 2017-18 വർഷത്തെ ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതിയിലും എസ്.സി.പി വിഭാഗം പ്രോജക്ടുകൾക്കായി ഈ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല. ആയതിനാൽ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ തുക ഉപയോഗിച്ച് ആ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്- 9.57 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ 2016-17വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ(എം.എസ്)4/16/ത.സ്വ.ഭ.വ-തീ11/1/16ഖ-12(6) ) അനുവദനീയമല്ലാത്ത പ്രോജക്ടുകൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത് എന്ന് വ്യക്തമായി. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. ചുവടെ പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കേണ്ടത്.

1)കുടിവെള്ള വിതരണം

2)ശുചിത്വം

3)മലിന ജല നിർഗ്ഗമന സംവിധാനം, ഖരമാലിന്യ പരിപാലനം

4)സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം

5)ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം

6)ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡിനിരുവശവുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റുകൾ

7) ശ്മശാനങ്ങൾ സ്ഥാപിക്കൽ

ഓരോ വർഷവും ഒരു അടിസ്ഥാന മേഖലയ്ക്ക് മുൻഗണന നൽകി അതിനുവേണ്ടി കൂടുതൽ തുക വകയിരുത്തി ആ മേഖലയിലെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിശദാംശം | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1 | കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി 11/17 | 262500 |
| 2 | അംഗനവാടി പ്രവർത്തകർക്ക് അധിക ഓണറേറിയം, 26/17 | 82200 |
| 3 | പദ്ധതി രൂപീകരണ മോണിട്ടറിംഗ് ചെലവ് | 260177 |
| 4 | സമഗ്ര വിദ്യാഭ്യാസം, 33/17 | 228400 |
| 5 | കുടിവെള്ളക്കിണർ നിർമ്മാണം, 124/17(വ്യക്തിഗതം) | 34000 |
| 6 | ഭവന പുനരുദ്ധാരണം, 145/17 | 12500 |
| 7 | പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ, 149/17 | 77479 |
| | ആകെ | 957256 |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കിയത് തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം-മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി കുടുംബശ്രീയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ 2014-15 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. 06.04.2013 ലെ ജി.ഒ.(എം.എസ്) നം 144/2013 എൽ.എസ്.ജി.ഡി ഉത്തരവിലെ നിബന്ധനകൾക്ക്

പാലിച്ചുകൊണ്ട് വേണം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കേണ്ടത്.എന്നാൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് സ്കൂൾ മേൽ സൂചിപ്പിച്ച ഉത്തരവിലെ നിബന്ധനകൾ ഒന്നും തന്നെ പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. കുട്ടികൾക്ക് ആളോഹരി 30 ച.അടി സ്ഥലം എന്ന രീതിയിൽ 750 ച. അടി വിസ്തീർണ്ണമെങ്കിലും ഉള്ള കെട്ടുറപ്പുള്ള ശുചിത്വമുള്ള തടസ്സ വിമുക്തമായ കെട്ടിടം വേണ്ടിയിരുന്നു.എന്നാൽ 2003ൽ സ്ഥാപിച്ചതും കാലപ്പഴക്കത്താൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമായതുമായ കെട്ടിടത്തിലാണ് നിലവിൽ ബി ആർ സി പ്രവർത്തിച്ചു വരുന്നത്. ഹാൾ രൂപത്തിലുള്ള കെട്ടിടം പകൽ പരിപാലനം,പരിശീലനം എന്നിവയ്ക്കായി ഡിവൈഡറുകൾ സ്ഥാപിച്ച് സൗകര്യ പ്രദമാക്കിയിട്ടില്ല. ജല നിർഗ്ഗമന മാർഗ്ഗങ്ങൾ, ഭക്ഷ്യ വസ്തു സംഭരണി, കൈകഴുകൽ സംവിധാനങ്ങൾ, ഊണ് മേശ എന്നിവ കെട്ടിടത്തിൽ സജ്ജീകരിച്ചിട്ടില്ല.
2. ബി ആർ സി കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ സ്ഥലത്തു ചെറിയ‌ും അംഗൻവാടി കെട്ടിടം പ്രവർത്തിച്ചു വരുന്നതിനാൽ അംഗൻ വാടിയും ബി ആർ സിയും വേർതിരിച്ച് മതിൽ നിർമ്മിക്കേണ്ടിയിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കുള്ള പുനരധിവാസ കേന്ദ്രവും വളരെ ചെറിയ കുട്ടികൾക്കുള്ള അംഗൻ വാടിയും ഒരേ കോമ്പൗണ്ടിൽ പ്രവർത്തിച്ചു വരുന്നത് ആശാസ്യമല്ല.
3. ആരോഗ്യ വകുപ്പ്, ആയുഷ് സന്നദ്ധ സേവനം എന്നിവ മുഖേന പ്രതിമാസം നൽകാമായിരുന്ന മെഡിക്കൽ ചെക്കപ്പ്, തെറാപ്പി എന്നിവയൊന്നും നാളിതുവരെ നൽകിയിട്ടില്ല. തൊഴിൽ പരിശീലനത്തിന് ദിനബത്തയിൽ ആളെ നിയമിച്ച് സാധ്യമായ തൊഴിൽ പരിശീലനം നൽകുന്നില്ല.

പുനരധിവാസ കേന്ദ്രം ആരംഭിച്ച് നാളിതുവരെയായിട്ടും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സാമൂഹികമായോ തൊഴിൽ പരമായോ ആരോഗ്യപരമായോ മുന്നേറ്റം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ പകൽ പരിചരണത്തിനും ഭക്ഷണത്തിനും ഒരിടം മാത്രമായി ബി ആർ സിയുടെ പ്രവർത്തനം പരിമിതപ്പെടുത്തപ്പെട്ട അവസ്ഥയാണ് നിലവിലുള്ളത്. ഈ ശോചനീയമായ അവസ്ഥ പരിഹരിച്ച് ബി ആർ സിയുടെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്താൻ തദ്ദേശ സ്ഥാപനത്തിന്റെ മേധാവിയും ഭരണസമിതി അംഗങ്ങളും സ്ഥാപനത്തിലെ ജീവനക്കാരും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-12 വികസന ഫണ്ട് അഡ്വാൻസായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു

ആശ്രയാ പ്രോജക്ടിനായി 2016-17 വർഷം വകയിരുത്തിയ 3ലക്ഷം രൂപ ബിൽ പ്രകാരം പിൻവലിച്ച് ആശ്രയയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ആശ്രയ അക്കൗണ്ടിൽ 18 ലക്ഷത്തോളം രൂപ വികസന ഫണ്ടിനത്തിൽ നീക്കിയിരിപ്പുണ്ട്. വികസന ഫണ്ട് മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കരുതെന്ന് ധനവിനിയോഗ മാർഗ്ഗരേഖയിൽ (ജി.ഒ(പി)177/2006/ഫിൻ)സർക്കാർ വ്യക്തമാക്കിയിരുന്നു. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് ആശ്രയ പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം-ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പട്ടികജാതി വനിതകളുടെ വിവാഹത്തിന് ധനസഹായം എന്ന പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്കായി 600000/-രൂപ നൽകിയിട്ടുണ്ട്.

| ബിൽ നം/തീയതി | തുക |
|---|---|
| 04/16-17 30.11.2016 | 100000/- |
| 07/16-17 14.02.2017 | 150000/- |
| 09/16-17 17.02.2017 | 50000/- |
| 10/16-17 23.02.2017 | 150000/- |
| 20/16-17 25.03.2017 | 150000/- |

എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് കമ്മറ്റിയുടെയും, അതത് ഗ്രാമസഭകളുടെയും അംഗീകാരം ലഭിക്കുന്നതിന വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ ധനസാഹായം ഉറപ്പുവരുത്തുന്നില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് APL/BPL വേർതിരിവില്ലാതെ 100% സഹായം ഉറപ്പുവരുത്തേണ്ടതാണെന്ന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിന്നിട്ടും 2016-17-ൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ 28 പേർക്കായി കേവലം 150000/- രൂപ മാത്രമാണ് വകയിരുത്തിയത്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിവർഷം പരമാവധി 20000/-രൂപ വരെ ലഭിക്കാൻ അർഹതയുള്ളപ്പോൾ നാമമാത്രമായ തുക വകയിരുത്തിയതിലൂടെ പരമാവധി 5000/- രൂപ മാത്രമെ ലഭിച്ചിട്ടുള്ളു. സാമൂഹിക ക്ഷേമവകുപ്പിന്റെ കണക്ക് പ്രകാരം പഞ്ചായത്ത് പരിധിയിൽ 45 വയസ്സിനു താഴെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരായി 144 വ്യക്തികൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ നാമമാത്രമായ തുക മാത്രം പദ്ധതിക്കുവേണ്ടി വകയിരുത്തിയതിലൂടെ നിർബന്ധിത വകയിരുത്തൽ എന്ന രീതിയിൽ മാത്രമാണ് പഞ്ചായത്ത് പദ്ധതിയെ സമീപിച്ചത് എന്ന് വ്യക്തമാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ ധനസഹായം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 വാർഡ്തല ശുചീകരണപ്രവർത്തനം ചെലവുരേഖകൾ ഹാജരാക്കിയില്ല

മൺസൂൺ കാലത്ത് പടർന്നുപിടിക്കുന്ന പകർച്ചാവ്യാധികളുടെ വ്യാപനം തടയുന്നതിനായി പഞ്ചായത്ത് തലത്തിൽ നടത്തേണ്ടുന്ന വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും അനുവദിച്ച 140000/-രൂപ 01.06.2016(ചെക്ക് നം-020465/01.06.2016)ൽ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചത് സംബന്ധിച്ചുള്ള വൗച്ചറുകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന്(നം.14/17.06.17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. സർക്കാർ നിർദേശങ്ങളനുസരിച്ച് വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണമെന്നും, ചെലവ് സംബന്ധിച്ചുള്ള ഒറിജിനൽ വൗച്ചറുകൾ ക്യാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട വാർഡ്സമിതിയിൽ നിന്നും ശേഖരിക്കേണ്ടതാണെന്നും, കമ്മറ്റിയുടെ അംഗീകാരത്തോടെ വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്നും ത.സ്വ.ഭ.വ ന്റെ 01.04.2016 ലെ 201/ഡിസി1/2016 നമ്പർ സർക്കുലറിൽ നിർദേശിച്ചിരുന്നതാണ്. ഈ നിർദേശവും പഞ്ചായത്ത് പാലിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച 140000/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-16 നിയമാനുസൃതമല്ലാത്ത ബിൽ അംഗീകരിച്ച് തുക നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ മൂല്യവർദ്ധിത നികുതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. 2005ലെ കേരള മൂല്യ വർദ്ധിത നികുതി ചട്ട പ്രകാരം വിൽപ്പനക്കാരൻ 8ബി ഫോറത്തിലാണ് സാധനങ്ങൾ വാങ്ങുന്നവർക്ക് ബില്ല് നൽകേണ്ടത്. നിശ്ചിത ഫോറത്തിലുള്ള ബില്ലിൽ ടിൻ നമ്പറും വാണിജ്യ നികുതി വകുപ്പിന്റെ രജിസ്ട്രേഷൻ നമ്പരും ഉണ്ടായിരിക്കണം. എന്നാൽ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്താത്ത ബില്ലിൽ ബിൽ നമ്പർ ചേർക്കാതെ ഇൻവോയ്സ് നമ്പർ/തീയതി മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം നിയമാനുസൃതമല്ലാത്ത ബില്ലാണ് മൂല്യ വർദ്ധിത നികുതി ഈടാക്കി വിൽപ്പനക്കാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയത്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | ഉപകരണങ്ങളുടെ വില | വാറ്റ് | ആകെ തുക | സ്ഥാപനം ഹാജരാക്കിയ ബില്ലിന്റെ വിശദാംശം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ<br>എസ് 167/17<br>അടങ്കൽ- 130000<br>ചെലവ്-95905<br>ചെക്ക് നമ്പർ-25337/18.3.17 | 88359.80 | 6994.53 | 95354. | G-1355/10/3/17 |

നിയമാനുസൃതമല്ലാത്ത ബില്ല് അംഗീകരിച്ച് തുക നൽകിയതുമൂലം നികുതിയിനത്തിൽ നൽകിയ 6994 രൂപ സർക്കാരിന് ലഭിച്ചില്ല. തമ്പുരാൻകാലായിൽ എന്ന സ്ഥാപനം ഇപ്രകാരം നികുതിവെട്ടിപ്പ് നടത്തുന്നത് തുടർ നടപടികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും വാണിജ്യ നികുതി വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-17 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ ഏറ്റവും പിന്നണ ആവശ്യമായ ജനവിഭാഗം ഗുണഭോക്താക്കൾ ആയുള്ള ആശ്രയ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വേണ്ടത്ര പരിഗണന നൽകുന്നില്ല.പദ്ധതി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാത്തതുമൂലം അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നില്ല.രണ്ടാം ഘട്ടപദ്ധതി പ്രകാരം അംഗികാരം വാങ്ങിയ പദ്ധതിയിൽ 75 ഗുണഭോക്താക്കളാണുള്ളത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നടപ്പാക്കി വരുന്ന പദ്ധതികൾ | ഗുണഭോക്താക്കൾ |
|---|---|---|
| 1 | ഭക്ഷണം | 75 |
| 2 | വസ്ത്ര വാങ്ങൽ | 3 |
| 3 | ഭവന നിർമ്മാണം | 12 |
| 4 | ഭവന പുനരുദ്ധാരണം | 34 |
| 5 | സാനിട്ടേഷൻ | 23 |
| 6 | ചികിൽസ | 48 |
| 7 | കുടിവെള്ളം | 23 |
| 8 | വിദ്യാഭാസം | 29 |
| 9 | സ്വയംതൊഴിൽ | 7 |

2016-17 സാമ്പത്തിക വർഷം ഭവന പുനരുദ്ധാരണത്തിനായി 100000/-രൂപയും,സാനിട്ടേഷൻ ഇനത്തിൽ 4000/-രൂപയും,ഭക്ഷണത്തിനായി 209040/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഭക്ഷണ വിതരണത്തിനായി മാത്രമാണ് കൂടുതൽ തുകയും ചെലവഴിച്ചിരിക്കുന്നത്.ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. ജനറൽ, എസ്.സി, എസ്.ടി എന്നീ വിഭാഗങ്ങൾക്ക് മേൽ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിക്കായി പ്രത്യേക പ്രോജക്ടുകൾ വിഭാവനം ചെയ്യുകയും പരിമിതമായ തുക വകയിരുത്തുകയും ചെയ്തതുമൂലം പദ്ധതിയുടെ ഗുണഫലം പൂർണ്ണമായും ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോയി.

ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-18 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - കരാറുകാരുടെ ഒത്തുകളിമൂലം ടെണ്ടർ സേവിംഗ്സ് നഷ്ടപ്പെട്ടു.

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം കരാറുകാർ മുഖേന (ഇ-ടെണ്ടർ അല്ലാതെ) നടപ്പാക്കാൻ ഉദ്ദേശിച്ച മരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ഫാറം വാങ്ങുന്ന മുഴുവൻ കരാറുകാരും ടെണ്ടർ സമർപ്പിക്കുന്നതിന് പകരം രണ്ടു പേർ മാത്രം ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കാണാൻ കഴിഞ്ഞു. 13-12-2016 ൽ നടന്ന ടെണ്ടറിൽ രണ്ട് പ്രവൃത്തികൾക്ക് മാത്രം 0.5% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവുള്ള ടെണ്ടർ സമർപ്പിച്ചിട്ടുള്ളു. ബാക്കിയുള്ളതിലെല്ലാം ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും മറ്റൊരാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിലും ടെണ്ടർ സമർപ്പിക്കുന്ന ഒരു രീതി അവലംബിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. കരാറുകാരുടെ ഇത്തരത്തിലുള്ള ഒത്തുകളിമൂലം ടെണ്ടർ നടപടിയിലെ മത്സര സ്വഭാവം നഷ്ടപ്പെടുകയും ടെണ്ടർ കുറവിലൂടെ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട സേവിംഗ്സ് നഷ്ടപ്പെടുകയും ചെയ്യുന്നു.

19-12-2016 ലെ ജനറൽ കമ്മിറ്റി മിനിട്ട്സിലെ ll(1) തീരുമാനത്തിൽ, 22 പൊതുമരാമത്ത് പ്രവൃത്തികൾക്കായി 13-12-2016ൽ നടത്തിയ ടെണ്ടറിൽ ടെണ്ടർ ഫാറം വിതരണം ചെയ്തതിന്റെ 1/3 മാത്രമേ തിരികെ സമർപ്പിച്ചിട്ടുള്ളുയെന്നും എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ ലഭിച്ചിട്ടുള്ളുയെന്നും ആയത് കോൺട്രാക്ടർമാർ തമ്മിലുള്ള ധാരണയാണെന്നും ആയതിനാൽ ടെണ്ടറുകൾ അംഗീകരിക്കരുതെന്നും മെമ്പർമാരായ സർവ്വശ്രീ. വി.പി.വിധ്യാധരപ്പണിക്കർ, എ.കെ.സുരേഷ്, രവീന്ദ്രൻപിള്ള, ശ്രീമതി.രാജമ്മ എന്നിവർ അഭിപ്രായപ്പെട്ടതായും പ്രസ്തുത ടെണ്ടറുകൾ അംഗീകരിച്ചാൽ ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്ന കാരണത്താൽ ടെണ്ടറുകൾ അംഗീകരിക്കേണ്ടതില്ലായെന്നും റീ ടെണ്ടർ നടത്തുന്നതിനുള്ള അടിയന്തിര നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി അസി.എഞ്ചിനിയറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുള്ളതായും കാണുന്നു.

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത 22 പ്രവൃത്തികൾക്കായി 31-12-2016 ൽ റീടെണ്ടർ നടത്തിയപ്പോൾ 14 പ്രവൃത്തികൾക്ക് രണ്ട് ടെണ്ടർ ഫാറം വീതവും 8 പ്രവൃത്തികൾക്ക് മൂന്ന് ടെണ്ടർ ഫാറം വീതവും വിതരണം ചെയ്തിരുന്നു. എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ ഫാറം വീതമാണ് ലഭിച്ചിട്ടുള്ളത്. ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിലും മറ്റൊരെണ്ണം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ രണ്ട് മുതൽ എഞ്ച് ശതമാനം വരെ കൂടിയ നിരക്കിലും. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ - 13-12-2016 | | റീ ടെണ്ടർ 31-12-2016 | |
|---|---|---|---|---|---|
| | | വിതരണം ചെയ്ത ടെണ്ടർ | ലഭിച്ച ടെണ്ടർ ഫാറം | വിതരണം ചെയ്ത ടെണ്ടർ | ലഭിച്ച ടെണ്ടർ ഫാറം |
| 1. | വേലൻ പറമ്പിൽ പടി റോഡ് പുനരുദ്ധാരണം (82//17) | 6 | 2<br>കൃഷ്ണകുമാരി-5%> എസ്റ്റിമേറ്റ് നിരക്ക്<br>ഗോപാലകൃഷ്ണകുറുപ്പ്-<br>എസ്റ്റിമേറ്റ് നിരക്ക് | 2 | 2<br>കൃഷ്ണകുമാരി-2%> എസ്റ്റിമേറ്റ് നിരക്ക്<br>ഗോപാലകൃഷ്ണകുറുപ്പ്-<br>എസ്റ്റിമേറ്റ് നിരക്ക് |
| 2. | ആനക്കാവിൽപ്പടി പായിക്കാട് ഏലാ റോഡ് പുനരുദ്ധാരണം (83/17) | 13 | 2<br>ഷാജി വർഗ്ഗീസ് -എസ്റ്റിമേറ്റ് നിരക്ക്<br>വിജയകുമാർ വി.കെ -2%> എസ്റ്റിമേറ്റ് നിരക്ക് | 2 | 2<br>കുര്യൻ കോശി - 2%> എസ്റ്റിമേറ്റ് നിരക്ക്<br>കെ.ജി.വിത്സൺ- എസ്റ്റിമേറ്റ് നിരക്ക് |
| 3. | കരിക്കാട്ടിൽപ്പടി മോടിപ്പടി ചക്കിയാത്ത് പടി റോഡ് | 8 | 2<br>മുരളീധരകുറുപ്പ് - എസ്റ്റിമേറ്റ് നിരക്ക് | 2 | 2<br>മുരളീധരകുറുപ്പ് - എസ്റ്റിമേറ്റ് നിരക്ക് |

| | | | | | |
|---|---|---|---|---|---|
| | (87/17) | | വിജയകുമാർ വി.കെ -5%> എസ്റ്റിമേറ്റ് നിരക്ക് | | കൃഷ്ണകുമാരി-3%> എസ്റ്റിമേറ്റ് നിരക്ക് |
| 4. | വട്ടപ്പറമ്പിൽ പടി കണ്ണേത്ത് പടി ഏലാ റോഡ് പുനരുദ്ധാരണം (92/17) | 12 | 2<br>സുനിൽ മാത്യു - 3%> എസ്റ്റിമേറ്റ് നിരക്ക്<br>പി.കെ.ലത - എസ്റ്റിമേറ്റ് നിരക്ക് | 3 | 2<br>സുനിൽ മാത്യു - 2%> എസ്റ്റിമേറ്റ് നിരക്ക്<br>പി.കെ.ലത - എസ്റ്റിമേറ്റ് നിരക്ക് |
| 5. | ചാങ്ങോട്ട്മൂല തോണ്ടലിൽ പടി ഏലാ റോഡ്പുനരുദ്ധാരണം (99/17) | 15 | 2<br>സുനിൽ മാത്യു - എസ്റ്റിമേറ്റ് നിരക്ക്<br>പി.കെ.ലത - 5%> എസ്റ്റിമേറ്റ് നിരക്ക് | 3 | 2<br>സുനിൽ മാത്യു - എസ്റ്റിമേറ്റ് നിരക്ക്<br>പി.കെ.ലത - 5%> എസ്റ്റിമേറ്റ് നിരക്ക് |
| 6. | മേൽത്തുണ്ടിൽ പടി രാജേന്ദ്ര ഭവനം റോഡ് പുനരുദ്ധാരണം (93/17) | 10 | 2<br>കെ.ജി.വിത്സൺ- 2%> എസ്റ്റിമേറ്റ് നിരക്ക്<br>ശശികല - എസ്റ്റിമേറ്റ് നിരക്ക് | 2 | 2<br>കെ.ജി.വിത്സൺ- 2%> എസ്റ്റിമേറ്റ് നിരക്ക്<br>ശശികല - എസ്റ്റിമേറ്റ് നിരക്ക് |
| 7. | കളീക്കൽ പടി മേനക്കാല റോഡ് പുനരുദ്ധാരണം (98/17) | 9 | 2<br>മുരളീധരകുറുപ്പ് - എസ്റ്റിമേറ്റ് നിരക്ക്<br>കെ.ആർ.അനിൽകുമാർ - 5%> എസ്റ്റിമേറ്റ് നിരക്ക് | 2 | 2<br>മുരളീധരകുറുപ്പ് - എസ്റ്റിമേറ്റ് നിരക്ക്<br>കെ.ആർ.അനിൽകുമാർ - 5%> എസ്റ്റിമേറ്റ് നിരക്ക് |

റീ ടെണ്ടറിലും കരാറുകാരുടെ ഒത്തുകളി പ്രകടമാണ്. എല്ലാ പ്രവൃത്തികൾക്കും രണ്ട് പേർ വീതമാണ് ടെണ്ടർ സമർപ്പിച്ചത്. മിക്ക പ്രവൃത്തികളിലും ആദ്യത്തെ ടെണ്ടറിൽ പങ്കെടുത്തവർ തന്നെയാണ് റീ ടെണ്ടറിലും പങ്കെടുത്തത്. ഏതാനം പ്രവൃത്തികളിൽ മാത്രമാണ് റീടെണ്ടറിൽ മറ്റു കരാറുകാർ പങ്കെടുത്തത്.

03-01-2017 ലെ IV(4) തീരുമാനത്തിൽ എസ്റ്റിമേറ്റ് റേറ്റിലുള്ള ടെണ്ടർ അംഗീകരിക്കുന്നതിനോട് ഹാജരായ 14 പേരിൽ 6 പേർ വിയോജിപ്പ് പ്രകടിപ്പിക്കുകയും ഇടെണ്ടർ നടത്തണമെന്ന ആവശ്യപ്പെയുകയും ചെയ്തു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരുടെ ടെണ്ടർ അഗീകരിക്കണമെന്ന 8 പേരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇ-ടെണ്ടർ നടത്താതെ മേൽ തീരുമാന പ്രകാരം റീടെണ്ടർ അംഗീകരിച്ചതു മൂലം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ സേവിംഗ്സ് നഷ്ടപ്പെട്ടു.

കരാറുകാരുടെ ഒത്തുകളി മൂലം ടെണ്ടർ സേവിംഗ്സ് നഷ്ടപ്പെട്ട വിവരം ഓഡിറ്റ് എൻക്വയറി മുഖേന (13/16-06-17)നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചു. പ്രസ്തുത വിഷയം കമ്മിറ്റിയെ ബോധ്യപ്പെടുത്തിയിരുന്നതായും ടി പ്രവൃത്തികൾക്കായി ഇ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഭരണ സമിതി മുമ്പാകെ വച്ചിരുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഈ വിഷയത്തിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## **3-19** നിർമ്മാണ തൊഴിലാളി ക്ഷേമനിധി കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് ഇല്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 31പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അസി. എഞ്ചിനിയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 112792/- രൂപയാണ്. പ്രസ്തുത തുകയിൽ 28 പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ 100213/- രൂപ ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (TSB No. 799011400000072) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. മൂന്ന് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ 12579/- രൂപ ബോർഡ് സെക്രട്ടറിയുടെ പേരിൽ 3 ഡി.ഡികളായി 21-12-2016ലെ P27/2010 ാം നമ്പർ കത്ത് പ്രകാരം അയച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. ഡിമാന്റ് ഡ്രാഫ്റ്റ് അക്കൗണ്ട് പേയി ആയിട്ടല്ല എടുത്തിട്ടുള്ളത്. ഒടുക്കിയ തുക അക്കൗണ്ടിൽ വരവ് വച്ചതിന്റെ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല.

ടി ക്ഷേമനിധി തുക ബോർഡിന്റെ കണക്കിൽ വരവ് വച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തുകയും ആയതിന്റെ ഔദ്യോഗിക രസീത് ലഭ്യമാക്കിയും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-20 മരാമത്ത് പ്രവൃത്തികളിലെ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ലംപ്സമായി തുക വകയിരുത്തിയിരുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | സാങ്കേതികാനുമതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | പഞ്ചായത്ത് സാംസ്കാരിക നിലയം നിർമ്മാണം(S0127/16,S0148/17) | 1980000 | 12/15-16/09-11-15<br>എക്സി. എഞ്ചിനിയർ. എൽ.എസ്.ജി.ഡി | 1706705 |
| 2. | പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളായ എ.ഇ ഓഫീസ്, വി.ഇ.ഒ ഓഫീസിന് അധിക സൗകര്യം ഒരുക്കൽ(67/17) | 3102185 | 61766/2016-17 /13-01-17<br>എക്സി. എഞ്ചിനിയർ. എൽ.എസ്.ജി.ഡി | 1164556<br>(പാർട്ട് ബിൽ) |

ജി.ഒ(എം.എസ്)4/2016,തസ്വ.ഭ.വ തീ.11-01-16 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ രേഖയിൽ (2016-17 വർഷത്തേക്ക്) ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് എന്നിവയ്ക്ക് ലംപ്സം ആയി വകയിരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യുകയാണ് വേണ്ടത്. തുകയ്ക്ക് പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായാണ് ഏറ്റെടുക്കേണ്ടത്. തുകയ്ക്ക് അനുസൃതമായി ഭാഗീകമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് അംഗീകാരം നൽകുവാനോ പാടില്ലെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി കെട്ടിട നിർമ്മാണങ്ങളുടെ എസ്റ്റിമേറ്റിൽ പ്ലംബിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിരുന്നില്ല. മേൽ ഉത്തരവിന് വിരുദ്ധമായാണ് സാങ്കേതികാനുമതി നല്കിയിട്ടുള്ളത് . അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

എ) റോഡ് ഇതര മെയിന്റനൻസ് ഗ്രാന്റ് പുതിയ കെട്ടിട നിർമ്മാണത്തിന് വകയിരുത്തി

ടി രണ്ടാമത്തെ പ്രവൃത്തിയുടെ ഭാഗമായി പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളായ എ.ഇ ഓഫീസ്, വി.ഇ.ഒ ഓഫീസിന് അധിക സൗകര്യം ഒരുക്കൽ(67/17) എന്ന പേരിൽ തയ്യാറാക്കിയ പ്രോജക്ട്, നിലവിൽ നിർമ്മാണം കഴിഞ്ഞ സാംസ്കാരിക നിലയത്തിന്റെ മുകളിൽ അസി.എഞ്ചിനിയറിനും വി.ഇ.ഒ യ്ക്കും ഓഫീസ് മുറി നിർമ്മിക്കുന്നതിനുള്ള പുതിയ നിർമ്മാണ പ്രവൃത്തിയാണ്. 3102185/- രൂപയുടെ സാങ്കേതികാനുമതിയുള്ള പ്രസ്തുത പ്രവൃത്തിയ്ക്ക് സേവന നികുതി കഴിച്ചുള്ള തുകയാണ് വകയിരുത്തിയിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 375597/- രൂപയും ലോകബാങ്ക് സഹായം 1844986/- രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് 409755/- രൂപയും ഉൾപ്പെടെ 2630338/- രൂപ

വകയിരുത്തിയിട്ടുണ്ട്.

ജി.ഒ(എം.എസ്)330/2004,തസ്വ.ഭ.വ തീ.09-12-2004പ്രകാരമുള്ള പൊതു ആവശ്യ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും വിനിയോഗ മാർഗ്ഗ രേഖ അനുസരിച്ച് ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് വേണ്ടിയാണ് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. പുതിയ നിർമ്മിതിക്കല്ല. മേൽ ഉത്തരവിന് വിരുദ്ധമായാണ് റോഡിതര മെയിന്റനൻസ് ഗ്രാന്റ് പുതിയ നിർമ്മിതിക്ക് വകയിരുത്തിയത്.

ഇ-ടെണ്ടർ മുഖേന 2630338.34 രൂപ ക്വോട്ട് ചെയ്ത ശ്രീമതി.പി.കെ ലതയുടെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾ പ്രവൃത്തി ഏറ്റെടുത്തു. ഓഫീസ് മുറികളുടെ സ്ട്രക്ച്ചർ, പ്ലാസ്റ്ററിംഗ്, കെട്ടിടത്തിന്റെ മുകളിലുള്ള റൂഫിംഗ് എന്നിവ ചെയ്തതിന്റെ പ്രവൃത്തി മൂല്യം 1194416/- രൂപ കണക്കാക്കി പാർട്ട്ബിൽ തയ്യാറാക്കി 1164556/- രൂപ ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 498803/-രൂപയും(ബിൽ നം.33/16-17/31-03-17) ലോക ബാങ്ക് ഇനത്തിൽ 665753/- രൂപയുമാണ് (ബിൽ നം.34/16-17/31-03-17 295842/-, ബിൽ നം.35/16-17/31-03-17 369911/-)ചെലവഴിച്ചിട്ടുള്ളത്. പുതിയ കെട്ടിയ നിർമ്മാണത്തിന് ക്രമവിരുദ്ധമായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയത്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് അസി. എഞ്ചിനിയറോട് വിശദീകരണം ആരാഞ്ഞതിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം.18/20-06-17). പ്രസ്തുത വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-21 കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

വാണിജ്യ നികുതി കമ്മീഷണറുടെ 31-03-2011ലെ 5/2011 നം. സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം 1EE പ്രകാരമുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്യ വർദ്ധിത നിയമം സെക്ഷൻ 10(2),2(എ),(11)എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഫാറം 1E യിലുള്ള കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയത്. മേൽത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യുന്നില്ല. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നം/ തീയതി . | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | | തെരുവുവിളക്കുകൾക്ക് മീറ്റർ | 795000/- | 045947/- | കെ.എസ്.ഇ.ബി | മീറ്ററുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേര് | രസീത് നം |
|---|---|---|---|---|
| 2003-04 | 03-10, 03-13 | 83041രൂപ<br>2180രൂപ | ശ്രീ.എസ്.രാമകൃഷ്ണൻ, സെക്രട്ടറി | 11604100342/27.04.16 |
| 2004-05 | 03-09 | 3525 | ശ്രീ.എസ്.രാമകൃഷ്ണൻ, സെക്രട്ടറി | 11604100343/27.04.16 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃതറിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2012-13 | 3.4.5 | 2012-13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ രജിസ്ട്രേഷൻ ലേബർ ബഡ്ജറ്റും നിർവ്വഹണം<br>നടത്തിയ പ്രവൃത്തി എന്നിവയിലെ വ്യത്യാസം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2013-14 | പേജ് നം101 | 2013-14 | തട്ടയിൽ ഗവ.എൽ.പി. സ്കൂളിലെ ചുറ്റുമതിൽ 2010-11 വർഷത്തിൽ എസ്.എസ്.എ ഉപയോഗിച്ച് 47480/- രൂപ ചെലവഴിച്ച്പൂർത്തിയാക്കിയെങ്കിലും 2010നവംബറിലെ കനത്ത മഴയിൽ മതിൽ ഇടിഞ്ഞു വീണത് നാളിതുവരെ പുനർനിർമ്മിച്ചിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2013-14 | പേജ് നം 128 | 2013-14 | 2011-12,2012-13 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ യ്ക്ക് നല്കിയഫണ്ടുപോലുംചെലവഴിക്കുന്നതിന് എസ്.എസ്.എ യ്ക്ക് കഴിയുന്നില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് തുക ഉൾപ്പെടെ) | 53834250 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40897614 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 415000 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 15000 | ശ്രീ. സുരേഷ് ബാബു എം.എസ്, സെക്രട്ടറി<br>ഡോ.രാഗി ആർ. ജി, മെഡിക്കൽ ഓഫീസർ |
| 3-7 | 260000 | ശ്രീ. സുരേഷ് ബാബു എം.എസ് സെക്രട്ടറി |
| 3-15 | 140000 | ഡോ.രാഗി ആർ.ജി, മെഡിക്കൽ ഓഫീസർ |
| ആകെ | 415000 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ്ബാബു എം.എസ്, സെക്രട്ടറി | സെക്രട്ടറി പന്തളം തെക്കേക്കര | പല്ലിശ്ശേരിൽ വീട്, കൈരളി നഗർ(36A),റ്റി.ബി ജംഗ്ഷൻ, കൊട്ടാരക്കര |
| ഡോ.രാഗി ആർ.ജി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ കോളേജ്, തിരുവനന്തപുരം | ശ്രീരാഗം, റ്റി.സി.49/131(2), കല്ലുരിമൂട്, കമലേശ്വരം, തിരുവനന്തപുരം |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ. എഫ് പി റ്റി എ പി3/63/97 തീയതി 15.09.98 |
| 1998-99 | എൽ. എഫ് പി റ്റി എ പി2/730/01 തീയതി 10.01.03 |
| 1999-00 (ചെലവ്) | എൽ. എഫ് പി റ്റി എ പി2/729/01തീയതി. 25.09.02 |
| 1999-00 (ഡി.സി.ബി) | എൽ. എഫ് പി റ്റി എ പി4/244/06 തീയതി 07.11.07 |
| 2000-01 | എൽ. എഫ് പി റ്റി എ പി4/254/06 തീയതി. 07.11.07 |
| 2001-02 | എൽ. എഫ് പി റ്റി എ പി4/802/06 തീയതി 23.03.07 |
| 2002-03 (വരവ്) | എൽ. എഫ് പി റ്റി എ പി4/233/07 തീയതി 08.08.07 |
| 2002-03 | എൽ. എഫ് പി റ്റി എ പി4/1111/07തീയതി 27.12.07 |
| 2003-04 | എൽ. എഫ് പി റ്റി എ പി7/39(A)09 തീയതി 26.07.10 |
| 2004.05 | എൽ. എഫ് പി റ്റി എ പി7/39(B)09 തീയതി 22.11.11 |
| 2005-06 | എൽ. എഫ് പി റ്റി എ പി4/761/10 തീയതി 28.11.11 |
| 2006-07 | എൽ. എഫ് പി റ്റി എ പി5/334/11തീയതി 14.09.12 |
| 2007-08 to 2010-11 | എൽ. എഫ് പി റ്റി എ പി5/1111/12 തീയതി 06.06.13 |
| 2011-12 & 2012-13 | എൽ. എഫ് പി റ്റി എ പി11/150/04/14 തീയതി 10.11.14 |
| 2013-14 | എൽ. എഫ് പി റ്റി എ പി11/454/15 തീയതി 25.07.15 |
| 2014-15 | എൽ. എഫ് പി റ്റി എ പി11/853/16തീയതി 27.07.2016 |
| 2015-16 | എൽ. എഫ് പി റ്റി എ പി11/1385/16തീയതി 10.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ-പി11/761/17 തീയതി 07.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure-1

## CERTIFICATE

No.KSAPTA-P11/761/17 Dated 07.07.2017

Certified that I have examined the Annual Financial Statement of Pandalam Thekkekkara Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pandalam Thekkekkara Grama Panchayat for the year 2016-17, except the obeservations in my report, properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta